**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 773** **28-06-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും അപേക്ഷ ക്ഷണിക്കുകയും ചെയ്തശേഷം 31/03/2022 ന് നിലവിൽ വന്ന ഒഴിവിലേക്ക് 1/04/2022 ന് രജിസ്ട്രേഷൻ ഐ. ജി. ഓഫീസിൽ നിന്നും ട്രാൻസ്ഫർ നടത്തി സബ് രജിസ്ട്രാർ ഓഫീസിലേക്ക് നിയമനം നൽകിയതും നിലവിലുണ്ടായിരുന്ന പല ഒഴിവുകളിലേക്കും നിയമനം നൽകിയതും വഴി ഓൺലൈൻ ട്രാൻസ്ഫർ അട്ടിമറിക്കപ്പെട്ടു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഓൺലൈൻ ട്രാൻസ്ഫർ അട്ടിമറിക്കപ്പെട്ടു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെറ്റേണിറ്റി ലീവിലായിരുന്ന ജീവനക്കാരി അവധി അവസാനിച്ച ശേഷം മാതൃജില്ലയിൽ നിയമനം നൽകണമെന്ന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത അപേക്ഷ പരിഗണിച്ച് ടിയാൾക്ക് 01/04/2022-ന് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) | ബാധകമല്ല |
| (സി) | രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ വഴി ട്രാൻസ്ഫറിന് അപേക്ഷ സ്വീകരിച്ചിട്ടും നാളിതുവരെയായി സ്ഥലംമാറ്റം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ മുതൽ സീനിയർ ക്ലർക്ക് വരെയുള്ള തസ്തികയിലെ ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഓൺലൈൻ ട്രാൻസ്ഫറിന് കുറച്ചുപേർ മാത്രം ഉൾപ്പെട്ട കരട് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത് എന്ന ആക്ഷേപം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച കരട് പട്ടിക പൂർണ്ണമായും " സ്പാർക്ക് " സോഫ്റ്റ് വെയർ സ്വയമേവയാണ് തയ്യാറാക്കിയിട്ടുള്ളത്. കരട് പട്ടിക സംബന്ധിച്ച് ആക്ഷേപം സമർപ്പിക്കുവാൻ ജീവനക്കാർക്ക് അവസരം നൽകുകയും ലഭ്യമായിട്ടുള്ള ആക്ഷേപം പരിശോധിച്ചതിന് ശേഷം അന്തിമപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | രജിസ്ട്രേഷൻ ഐ. ജി. വകുപ്പ് ആസ്ഥാനത്ത് മൂന്നു വർഷത്തിലേറെയായി ജോലി ചെയ്യുന്ന പല ഉദ്യോഗസ്ഥരെയും കരട് ലിസ്റ്റിൽ പോലും ഉൾപ്പെടുത്താതെ നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വിശദീകരിക്കാമോ ? | (ഇ) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-14) വകുപ്പിന്റെ 25/02/2017 തീയതിയിലെ സ.ഉ(പി) നം.3/2017/ ഉ.ഭ.പ.വ ഉത്തരവിനു വിധേയമായി "സ്പാർക്ക് " സോഫ്റ്റ് വെയർ സ്വയമേവയാണ് കരട് പട്ടിക തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ